# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ഓരോ കുട്ടിയും മികവിലേക്ക്



## സെന്റ് മേരീസ് എൽ പി എസ്
## അതിരമ്പുഴ

Scanned with OKEN Scanner

# ഉള്ളടക്കം

1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. അക്കാദമിക രംഗം
4. വിദ്യാലയ ചരിത്രം
5. ഭൗതിക സാഹചര്യങ്ങൾ
6. നിർവഹണ ചുമതല
7. മാസ്റ്റർ പ്ലാൻ-പ്രവർത്തന ലക്ഷ്യങ്ങൾ
8. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം-
പ്രത്യേക പ്രവർത്തനങ്ങൾ
9. മോണിറ്ററിംഗ്
10. പ്രവർത്തന പദ്ധതി
11. ദിനാചരണങ്ങൾ
12.അക്കാദമിക കലണ്ടർ
13. ഉപസംഹാരം



Scanned with OKEN Scanner

# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

അധ്യാപന-അധ്യയന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

Scanned with OKEN Scanner

## പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടികളുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രാരംഭ പ്രവർത്തന പാക്കേജ് | ജൂൺ 3 - ജൂൺ 13, 2025 |
| 3 | മലയാള മധുരം | ജൂൺ 2025 - മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025 - മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025 - മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം, വർക്ക് ബുക്ക് | ജൂൺ 2025 (വിതരണം) |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025 - മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടുകാർ | ജൂലൈ 2025 - മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 (ആരംഭം), ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വീതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനുവരി 2026 |
| 12 | ഗണിതകിറ്റ്, ഗണിതമൂല | 2025 |
| 13 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ 2025 - മാർച്ച് 2026 |
| 14 | Hello English Adaptation | ജൂൺ 2025 - മാർച്ച് 2026 |
| 15 | ക്ലാസ്സ്തല ബാലസഭ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും (പ്രവർത്തനമുള്ള ദിവസങ്ങളിൽ) |
| 16 | [illegible] | ജൂലൈ 2025 - മാർച്ച് 2026 |
| 17 | പരീക്ഷണോത്സവം | ജൂലൈ 2025 - മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിങ് | എല്ലാ മാസവും |
| 19 | [illegible] വിലയിരുത്തൽ | എല്ലാ മാസവും |

## അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : സെന്റ് മേരീസ് എൽപിഎസ് അതിരമ്പുഴ
വിലാസം : അതിരമ്പുഴ പി ഓ
കോട്ടയം 686562
ഫോൺ : 0481-2732320
സ്കൂൾ കോഡ് : 31412
വിദ്യാഭ്യാസ ഉപജില്ല : ഏറ്റുമാനൂർ
വിദ്യാഭ്യാസ ജില്ല : പാലാ
റവന്യൂ ജില്ല : കോട്ടയം
ബി.ആർ.സി : ഏറ്റുമാനൂർ
സി.ആർ.സി : അതിരമ്പുഴ
ഗ്രാമപഞ്ചായത്ത് : അതിരമ്പുഴ
ബ്ലോക്ക് പഞ്ചായത്ത് : ഏറ്റുമാനൂർ
ജില്ലാ പഞ്ചായത്ത് : കോട്ടയം
നിയമസഭാമണ്ഡലം : ഏറ്റുമാനൂർ
ലോകസഭാമണ്ഡലം : കോട്ടയം
താലൂക്ക് : കോട്ടയം
വില്ലേജ് : അതിരമ്പുഴ
ഇ-മെയിൽ : stmaryslpsath@gmail.com



Scanned with OKEN Scanner

# അക്കാദമിക രംഗം

അക്കാദമിക രംഗത്ത് വളരെയധികം മികവ് മികവ് പുലർത്തുന്ന ഒരു വിദ്യാലയം ആണിത്. എല്ലാവർഷവും നടക്കുന്ന എൽഎസ്എസ് പരീക്ഷയിൽ ഈ സ്കൂളിലെ വിദ്യാർഥികൾ ഉന്നത വിജയം കരസ്ഥമാക്കുന്നു. സബ്ജില്ലാതല ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര മേളകളിൽ മുൻപന്തിയിൽ നേട്ടം കൈവരിക്കാൻ ഈ സ്കൂളിന് കഴിഞ്ഞുവരുന്നു. പ്രവർത്തി പരിചയ കലാകായികരംഗത്തും മികവ് തെളിയിച്ചുകൊണ്ട് ഈ സ്കൂൾ മുന്നേറുന്നു.

സ്കൗട്ട് ആൻഡ് ഗൈഡ് പരിശീലനത്തിനു മുന്നോടിയായി എൽപി കുട്ടികൾക്ക് വേണ്ടി രൂപീകരിച്ചിരിക്കുന്ന കബ്ബ് പദ്ധതി പരിശീലനവും സ്കൂളിൽ വിജയകരമായി നടന്നുവരുന്നു.

സ്കൂളിൽ വിവിധതരം കമ്മിറ്റികളും ക്ലബ്ബുകളും രൂപീകരിക്കുകയും ഓരോന്നിന്റെയും ചുമതല ബന്ധപ്പെട്ട അധ്യാപകരെ എൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.



| [illegible] | അധ്യാപകർ |
|---|---|
| [illegible] | [illegible] മാത്യു |
| [illegible] | മോനി പി മാത്യു |
| [illegible] | പ്രിയ എസ്.കുമാർ |
| എസ് ആർ ജി കൺവീനർ | [illegible] മാത്യു |
| [illegible] | ഷീബ എം എബ്രഹാം |
| [illegible] | [illegible] |
| [illegible] | ഷൈൻ ആൻഡ്രൂസ് |
| [illegible] | ഗിരീശൻ കെ.വി |
| [illegible] | [illegible] |
| [illegible] | [illegible] മാത്യു |
| [illegible] | പ്രിയ എസ്.കുമാർ |
| [illegible] | [illegible] |
| [illegible] | [illegible] |
| | |

| ക്ലബ്ബുകൾ | ചുമതലയുള്ള അധ്യാപകർ |
|---|---|
| ഗണിതം | പ്രിൻസി ജേക്കബ് |
| സോഷ്യൽ സയൻസ് | മോനി പി മാത്യു |
| സയൻസ് | ഷൈൻ ആൻഡ്രൂസ് |
| ശുചിത്വം | ഉണ്ണികൃഷ്ണൻ കെ |
| ഹെൽത്ത് | ഉണ്ണികൃഷ്ണൻ കെ |
| ഹരിതം | മോനി പി. മാത്യു |
| ഇംഗ്ലീഷ് | പ്രിയ എസ്. കുമാർ |
| സോഷ്യൽ വർക്ക് | [illegible] |
| ലഹരി വിരുദ്ധം | മോനി പി.മാത്യു |
| പാർലമെന്ററി കാര്യം | ഷീബ എം എബ്രഹാം |
| മലയാളം | ഗിരീശൻ കെ. വി |



Scanned with OKEN Scanner

# വിദ്യാലയ  ചരിത്രം

അതിരമ്പുഴയിലും സമീപപ്രദേശത്തുമുള്ളവർക്ക് പ്രത്യേകിച്ചു പെൺകുട്ടികൾക്ക് പ്രഥമിക വിദ്യാഭ്യാസത്തിനു സൗകര്യമില്ലാതിരുന്ന കാലത്തു അതിരമ്പുഴ സെന്റ് മേരീസ് ഇടവകാംഗങ്ങൾ മുൻകൈ എടുത്തു 1905-ൽ സ്ഥാപിച്ചതാണ് സെന്റ് മേരീസ് എൽ പി സ്കൂൾ. സേവനതല്പരനും ബഹുമാന്യനുമായ പി എസ് നാരായണപിള്ള സാറായിരുന്നു സ്ഥാപനത്തിന്റെ പ്രഥമ ഹെഡ് മാസ്റ്റർ .സെന്റ് മേരീസ് പ്രസ്സിന്റെ മുകൾ ഭാഗത്തു രണ്ടു മുറികളിലായിട്ടാണ് ക്ലാസ് നടത്തി വന്നിരുന്നത്1919 -ഇൽ മഠം സ്ഥാപിച്ച അവസരത്തിൽ നാലുവരെയുള്ള ഒരു girls സ്കൂൾ ആയിരുന്നു ഇത് .സിസ്റ്റേഴ്സ് വന്നതോടുകൂടി ഈ സ്കൂളിൻറെ ഉത്തരവാദിത്തം അവരെ ഏല്പിച്ചു . മഠത്തോടടുത്തുതന്നെ രണ്ടു കെട്ടിടങ്ങൾ പള്ളിയിൽനിന്നും പണിയിച്ചുതന്നു. 1934 ഡിസംബർ 20 -ഇൽ അഭിവന്ദ്യ കാളാശ്ശേരി പിതാവ് ഇത് വെഞ്ചരിക്കുകയും 1935 ജനുവരി 14 ഇന് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ ജന്മദിനത്തിൽ പുതിയ സ്കൂളിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു . 1992 -93 , 1996 -97 ,1999 -2000 ,2003 -04 ,2006 -07 2014 -15,എന്നീ വർഷങ്ങളിൽ ഏറ്റുമാനൂർ ഉപജില്ലാ തലത്തിലും 1991 -92 ,1996 -97 ,2014 -15 എന്നീ ചങ്ങനാശ്ശേരി അതിരൂപത മാനേജ്മെന്റ് തലത്തിലും ഏറ്റവും മികച്ച സ്കൂളായി ഈ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് .രണ്ടായിരത്തിൽ ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റ് തലത്തിൽ മികച്ച പ്രധാന അധ്യാപികക്കുള്ള അവാർഡ് അന്നത്തെ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഐലിൻ കുളങ്ങരക്ക് ലഭിച്ചു. 2005 ഫെബ്രുവരി 18 ഈ സ്കൂളിൻറെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇംഗ്ലീഷ്മീഡിയം ക്ലാസ്സുകളുടെയും കമ്പ്യൂട്ടർ പഠനത്തിന്റെയും ആരംഭം കുറിച്ചു.അഭിവന്ദ്യ ജോസഫ് പെരുംതോട്ടം പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനം അന്നത്തെ കേരളാഗവർണ്ണർ ആദരണീയനായ മിസ്റ്റർ ആർ .എൽ ഭാട്ടിയ കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സംസ്ഥാനത്തിൽ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നതും പുരോഗമനപരമായ പ്രത്യേകതകൾ ഉള്ളതുമായ സ്കൂളുകളെ തിരഞ്ഞെടുത്തു SIEMAT (State Institute Of Institutional Management And Training ) പഠനഗവേഷണങ്ങൾക്കു വിധേയമാക്കിയപ്പോൾ അതിലേക്കായി കോട്ടയം ജില്ലയിൽനിന്നും 2006 -2007 വർഷത്തിൽ തിരഞ്ഞെടുത്തത് ഈ സ്കൂളാണ്. സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളും ഈ സ്കൂൾ കോമ്പൗണ്ടിൽ SABS സംന്യാസിനികളുടെ നേതൃത്തത്തിൽ നടക്കുന്നുണ്ട്.

2024-25 [redacted] അധ്യയന വർഷത്തിൽ സ്കൂളിന്റെ പുതിയ ഹെഡ്മിസ്ട്രസ് ആയി ശ്രീമതി അൽഫോൻസാ മാത്യു നിയമിതയായി.

# ഭൗതിക സാഹചര്യങ്ങൾ

3 കെട്ടിടങ്ങളിലായി 12
ക്ലാസ്സ്മുറികൾ,ഓഫീസ്റൂം കം
ലൈബ്രറി ,സ്റ്റാഫ്റൂം,കംപ്യൂട്ടർലാബ് ,പാചകപ്പുര

,ചെറിയ പൂന്തോട്ടം,പച്ചക്കറിത്തോട്ടം,ശുദ്ധജല
കുടിവെള്ള പദ്ധതി,
ആണ്കുട്ടികള്ക്കും പെണ്കുട്ടികൾക്കുമായി
വെവ്വേറെ ശൗചാലയ സൗകര്യങ്ങൾ,
ജൈവമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന്
ബയോഗ്യാസ് സൗകര്യവും അജൈവ
മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന്
MATERIAL COLLECTION FECILITY (MCF)
സൗകര്യവും പ്രയോജനപ്പെടുത്തി വരുന്നു.

## 2025-26 അധ്യയന വർഷത്തിൽ ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ

| ക്ലാസ്സ് | കുട്ടികൾ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| 1 | 33 | 35 | 68 |
| 2 | 32 | 36 | 68 |
| 3 | 23 | 42 | 73 |
| 4 | 32 | 42 | 72 |
| ആകെ | 120 | 155 | 275 |



Scanned with OKEN Scanner

# നിർവഹണ ചുമതല

- ശ്രീമതി. അൽഫോൻസാ മാത്യു - ഹെഡ്മിസ്ട്രസ്
- ശ്രീമതി. രമ്യ മാത്യു - SRG കൺവീനർ
- ശ്രീമതി. സൈനി പി മാത്യു
- ശ്രീമതി. ലീനാ മോൾ കെ വി
- ശ്രീമതി. ശാലിനി സെബാസ്റ്റ്യൻ
- ശ്രീമതി. ടീനു എം എബ്രഹാം
- ശ്രീമതി. ടിൻസി ജോർജ്
- ശ്രീമതി. പ്രിയ എസ് കടവൻ
- സി. സ്മിജാമോൾ സെബാസ്റ്റ്യൻ
- ശ്രീമതി. ഷെറിൻ ആൻഡ്രൂസ്
- ശ്രീമതി. അലീന കുര്യൻ
- കുമാരി. റോസ്മി കാതറെയ്ൻ ജോഷി
- ശ്രീമതി. ഉണ്ണിപ്പാത്തുമ്മ കെ
- പി ടി എ അംഗങ്ങൾ



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിദ്യാലയത്തിന്റെ പേര് : സെന്റ്. മേരീസ് എൽ പി എസ് അതിരമ്പുഴ


## കുട്ടികളുടെ എണ്ണം : 275

**അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ**

- 1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ് )
- 2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ് )
- 3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.
- 4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.
- 5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- 6. ആശയാവതരണ രീതികളുടെ പ്രയോഗ്യതയും സാധുതയും ഗൗരവമായി പഠിക്കുക.
- 7. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
- 8. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രോജക്ടുകളിൽ ധാരണ നേടുക.

.ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

- 1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).
- 2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).
- 3. എസ്.ആർ.ജി യോഗത്തിലെ പരിശീലന അനുഭവ റിപ്പോർട്ട് അവതരണം.
- 4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
- 5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.
- 6. പരീക്ഷണോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെടു ലഘു പരീക്ഷണങ്ങൾ.
- 7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.
- 8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.
- 9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതൃമാർഗ്ഗത്തിലും.
- 10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.
- 11. വായനോത്സവം, രചനോത്സവം.
- 12.12. ലഹരി ബോധവത്കരണം



Scanned with OKEN Scanner

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

### ജൂൺ 3 മുതൽ ജൂൺ 13 വരെ -പ്രത്യേക പ്രവർത്തനങ്ങൾ

| തിയതി | വിഷയ മേഖലകൾ |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

### സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

# എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ്.ആർ.ജി മാസ്സിൽ തയ്യാറാക്കണം.
# 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.
# കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.
# സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.
#:ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.
# ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
# ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം.

Scanned with OKEN Scanner

# പ്രത്യേക പ്രവർത്തന പാക്കേജ്

## പ്രത്യേക പ്രവർത്തന പാക്കേജ് കർമ്മനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള കർമ്മനിർദ്ദേശങ്ങളിൽ എൽ.പി വിഭാഗത്തിലെ ജൂൺ 3 മുതൽ ജൂൺ 13 വരെയുള്ള ദിവസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ. അടിസ്ഥാനപരമായ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ, ശുചിത്വം, മൂല്യങ്ങളും കഴിവുകളും വികസിപ്പിക്കാനായി ഉന്നൽ നൽകിക്കൊണ്ട്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ഉള്ള എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാക്കിയ ചെറു പ്രവർത്തനങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു:

വിഷയ മേഖലകൾ:-

1) ഞങ്ങൾ കുട്ടികൾക്കൊപ്പം - രക്ഷിതാവിനൊപ്പം (കൈപ്പുസ്തകം)

2) ജീവിതപാഠം (കൈപ്പുസ്തകം)

3) a) ലഹരിയും മറ്റുള്ളവർ(പുസ്തകം, അതിനായുള്ള ബോധവത്കരണം)

b) റോഡ് ഒരു തിരിച്ചറിവ്- കരിപ്പ്

4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)

5) മാലിന്യമുക്തം നാടാകാം ദേശീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം

6) പരിസ്ഥിതിയും പ്രവർത്തനമാർഗ്ഗരേഖ

7) ആരോഗ്യം, വ്യായാമം, കായികക്ഷമത

- ❖ കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ
- ❖ ജ്യോഗ്രഫിക്കൽ- കൈപ്പുസ്തകം
- ❖ സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ
- ❖ ആക്ടിവിറ്റി ബുക്ക്
- ❖ ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ
- ❖ സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

## എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

### 2025 ജൂൺ 3: പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം. ക്ലാസ് മുറിയിലും സ്കൂൾ പരിസരത്തുമുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ഈ ദിവസങ്ങളും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ നൽകാം.
  - അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.
  - വിദ്യാലയത്തെ മനസ്സിലാക്കൽ: സ്കൂളിന്റെ വിവിധ ഭാഗങ്ങളായ ലൈബ്രറി, ലാബ്, ടോയ്‌ലറ്റ്, കളിസ്ഥലം, ഓഫീസ് മുറികൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ, ഭക്ഷ്യസുരക്ഷ, കുടിവെള്ള സൗകര്യങ്ങൾ, പ്രഥമശുശ്രൂഷ സംവിധാനങ്ങൾ, സ്കൂളിലെ സൗകര്യങ്ങൾ, പൊതുസ്വത്ത് (പരിപാലനം, ഉത്തരവാദിത്തം, നന്നായി സൂക്ഷിക്കൽ). സ്വന്തം വസ്തുക്കളും, മറ്റുള്ളവരുടേതും എന്നിവയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.
  - ദിനചര്യകൾ നിരീക്ഷണം, ചർച്ചകൾ, കളികൾ, പാട്ടുകൾ, കഥകൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

### 2025 ജൂൺ 4: സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - റോഡ് സുരക്ഷ ചർച്ച: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും.
  - മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കുട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.
  - സ്കൂൾ വാഹന സുരക്ഷ: സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

### 2025 ജൂൺ 5: ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം , മാലിന്യമുക്ത വിദ്യാലയം

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - വ്യക്തിഗത ശുചിത്വം (10 മിനിറ്റ്):
    - ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
    - ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ചീകിയ മുടി, വൃത്തിയുള്ള വസ്ത്രങ്ങൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).
    - എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
    - ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
  - പരിസര ശുചിത്വം (20 മിനിറ്റ്):
    - അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്സ്, സ്ഥലങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, ടോയ്‌ലറ്റ്, അടുക്കള/ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ഓഫീസുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.
    - നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

- ഹാസ്യ കഥകൾ (20 മിനിറ്റ്): [illegible] അവയെ പരിപാലിക്കുന്നതിൽ [illegible]
  - [illegible] പച്ചക്കറി സസ്യങ്ങളെക്കുറിച്ചും [illegible] ചർച്ച. സൂക്ഷ്മം എങ്ങനെ സഹായിക്കാനായിരിക്കുമെന്നും [illegible]
  - [illegible] വിഷയങ്ങളിൽ തീരുമാനമെടുക്കൽ.
- വിദ്യാഭ്യാസ സൗഹൃദവൽക്കരണം (10 മിനിറ്റ്): [illegible] ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു
  - സ്വന്തം സൗഹൃദവൽക്കരണത്തിൽ [illegible] പരിചരണത്തെക്കുറിച്ചും ചർച്ച.

## 2025 ജൂൺ 9: പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം, ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ ശീലങ്ങൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ പാഠങ്ങൾ നൽകുന്നതിന് ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - തലമുടി മുതൽ കാൽ വരെ പരിചരണം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:
    - തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ശരിയായി ചീകുക.
    - മുഖം: ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.
    - കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക. ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക.
    - മൂക്ക്: തൂവാല ഉപയോഗിച്ച് ഉണ്ടാകാനിടയുള്ള മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തൂവാല ഉപയോഗിക്കുക.
    - വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ഉറങ്ങുന്നതിനു മുമ്പും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പതിവായി കഴിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.
    - ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക. ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കനത്ത ശബ്ദത്തിൽ കേൾക്കരുത്.
    - കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകുക.
    - പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, നിർബന്ധമായ് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.
    - ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.
  - പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സന്തുലിതമായ പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം. ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS പിങ്ക് ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ. ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.
  - കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും ടാബ്ലെറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക. വെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ താഴെ കുറയ്ക്കുക. ദീർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് "20-20-20-20 നിയമം" പാലിക്കുക.
  - ദന്ത സംരക്ഷണം: പ്രതിദിനം ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. എല്ലാദിവസവും ഭക്ഷണത്തിനും പാനീയത്തിനും ശേഷം വായും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കഴിച്ച് കഴിഞ്ഞ് ഉടനടി [illegible] കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം ഉചിതമായ ബ്രഷും ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത്പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ഇടയ്ക്ക് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.
  - വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കേണ്ടതുണ്ടെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കായികവിനോദങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.
  - മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. ശ്രദ്ധാപൂർവ്വ പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

## 2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കാനും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കാണുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അറിവോടെയും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നു. ഇത് കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നതെങ്ങനെയെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപ്പറയുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, ക്വിസ് തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇത് സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംസാരിക്കുമ്പോൾ പ്രതിപാദിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ചാവിഷയമായി

- ➢ രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ➢ ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ➢ ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- ➢ കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
- ➢ കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
- ➢ സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് ഉണ്ടാക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
- ➢ ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അടിമപ്പെടുന്നതിന്റെ വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പഠനമായ പ്രശ്നങ്ങൾ.
- ➢

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും
ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള

Scanned with OKEN Scanner

1: പൊതുമുതൽ സംരക്ഷണം

**2025 ജൂൺ 11:** പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതാണ് വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥലങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതാണ് ഈ ദിവസത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ:

- ബോധവൽക്കരണ ക്ലാസ്സുകൾ:
  - പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.
- ശുചീകരണ യജ്ഞങ്ങൾ:
  - സ്കൂൾ പരിസരവും പരിസരങ്ങളും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.
- മാതൃകാപരമായ പെരുമാറ്റം:
  - പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.
  - പൊതു ടോയ്‌ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.
- പോസ്റ്റർ ചിത്രങ്ങളും സന്ദേശങ്ങളും:
  - പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്റർ ചിത്രങ്ങൾ വരയ്ക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.
  -

**2025 ജൂൺ 13:** ലഹരിവിരുദ്ധ, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെയും മൊബൈൽ അഡിക്ഷന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവയിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നതാണ് ഈ ദിവസം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പ്രധാന പ്രവർത്തനങ്ങൾ:

- ബോധവൽക്കരണ സെമിനാറുകൾ:
  - ലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- പ്ലക്കാർഡുകളും പോസ്റ്ററുകളും:
  - ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന പ്ലക്കാർഡുകൾ തയ്യാറാക്കി റാലി നടത്തുക.
  - വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
- ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:
  - പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കുട്ടികളെ അവയിലേക്ക് ആകർഷിക്കുക.
- കൗൺസിലിംഗ് സഹായം:
  - ആവശ്യമെങ്കിൽ മൊബൈൽ ഉപയോഗിക്കുന്നതോ, ലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളതോ ആയ കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.
  - മാതാപിതാക്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം നൽകുകയും കുട്ടികളെ നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- മാതൃകയാവുക:
  - അധ്യാപകരും രക്ഷിതാക്കളും മൊബൈൽ ഫോണിന്റെയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
  - ക്ലാസ് മുറികളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.



# മാസ്റ്റർ പ്ലാൻ  പ്രവർത്തന വിശദാംശങ്ങൾ

## മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്കായി അവധിക്കാലത്ത് വായനയുറപ്പിച്ച് ഉറപ്പുവരുത്തുന്നതിനായി നടത്തുന്ന പരിപാടിയാണ് മലയാള മധുരം. കഥാപുസ്തകങ്ങൾ ആസ്വദിച്ച് വായിക്കാനും, അവർക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ലഭിക്കുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യമാകുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ:

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗാത്മകശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
- 

പ്രവർത്തന ഘട്ടങ്ങൾ:

- അവധിക്കാലത്ത് ഉണ്ടായ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു (മെയ് 20 അവസാനം).
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം).
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- ചേനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (മാതോ ഒക്ടോ).
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച് പ്രകാശനം നടത്തുന്നു (ജനുവരി 2026).
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.
- 

വിലയിരുത്തൽ:

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കയ്യെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആശയാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിവിധ നിലവാരക്കാരായ കുട്ടികളെ ലളിതമായ വഴിയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യ പ്രസ്താവനകൾ:

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.
- 

പ്രവർത്തന ഘട്ടങ്ങൾ:

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ 2025 മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റും (വ്യക്തിഗതമായി).
- 

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത തെളിയിട്ടുണ്ട്.

Scanned with OKEN Scanner

- ഇവയെല്ലാം വീഡിയോ ഡോക്യുമെന്റ് ചെയ്യുന്നു.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം ഉറപ്പിക്കുന്നതിലൂടെ വായന ലളിതവും എളുപ്പവുമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം കൂടുതൽ എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. ഭാവവും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ കണ്ടെത്തണം. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും രസകരവുമാകുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.
- രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പാക്കുന്നു (ജൂൺ 2025 ആദ്യവാരം).
- പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളുടെ പങ്കാളിത്തത്തോടെ പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).
- ഇനി പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും), വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതാ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).
-

വിലയിരുത്തൽ:

- ലക്ഷ്യപ്രാപ്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്
- ക്ലാസ് പി.ടി.എ യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.
- പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും മറ്റു സമൂഹവുമായും പങ്കുവെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

## നാട്ടുവിശേഷം കുറ്റെഴുത്ത്

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കുറ്റെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും.

ലക്ഷ്യപ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- . നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പു വരുത്തി ക്ലാസ് പ്രവർത്തനങ്ങൾ
- ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- നാട്ടുവിശേഷം കുറ്റെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

  പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- **HELP 2025** ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

**KCF 2023** നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, താല്പര്യം, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അനുകൂലമായ രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് ക്രമവും സംവാദാത്മകവും ഉണ്ടാകണം
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

---

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പോർട്ടൽ വഴിയും, പ്രവർത്തന വിഭവങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

---



## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

Scanned with OKEN Scanner

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

Scanned with OKEN Scanner

# ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

Scanned with OKEN Scanner

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA



Scanned with OKEN Scanner

Downloaded from


- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.,എസ്. എസ്. കെ



Scanned with OKEN Scanner

## അരങ്ങത്തേക്ക്

അഭിനയം, പ്രാദേശിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അരങ്ങനുഭവങ്ങൾ വളരെ സഹായകമാണ്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.
- കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറുക.
- എല്ലാവരും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.
- താൽപ്പര്യത്തോടെ പാഠത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.
- ശാരീരിക ചലനവികാസം പ്രോത്സാഹിപ്പിക്കുക.
- ആശയവിനിമയശേഷി വളർത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.
- വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.
- പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം നൽകുക.
- സജ്ജീകരണം: ചെറിയ അലങ്കാരങ്ങൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.
- അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക.
- വിചാരണ (പ്രതികരണം): അഭിനയം കഴിഞ്ഞ് പ്രതികരണം നടത്തുക – എന്താണ് പഠിച്ചത്? ആരെന്താണ് അഭിനയിച്ചത്?

### വിലയിരുത്തൽ:

- പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?
- അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം.
- പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?
- യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- വ്യക്തിഗതമായി കുട്ടിയെ പരിഗണിച്ചുള്ള വിശകലനം (AMP).
- പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

### ക്രോഡീകരണം:

- പഠനം ആസ്വാദ്യകരമാകുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിക്കാൻ കഴിയും.
- യൂണിറ്റിലെ ആശയങ്ങളും കവിതകളും ഉറപ്പിക്കുന്നതിന് കഴിയുന്നു.
- സങ്കോചമില്ലാതെ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കഴിയുന്നു.
- എല്ലാവരെയും പരിഗണിക്കാൻ കഴിയുന്നു.
- കുട്ടിയെ അറിയാൻ കഴിയുന്നു (വ്യക്തിഗത AMP).

## രചനോത്സവം

ഏഴോളം വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, കുറിപ്പ്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രുവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

Scanned with OKEN Scanner

## പരീക്ഷണോത്സവം

നേരിട്ടുള്ള അനുഭവങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുകയാണ് ശാസ്ത്ര പഠനത്തിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് പരീക്ഷണങ്ങൾ. 'പരീക്ഷണോത്സവം' എന്ന ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പരിസരത്തെക്കുറിച്ചുള്ള അറിവ്, ശാസ്ത്ര ആശയങ്ങൾ, പ്രക്രിയാശേഷികൾ എന്നിവ ലളിതമായ രീതിയിൽ മനസ്സിലാക്കാനും, ക്ലാസ് മുറി കൂടുതൽ ജീവസ്സുറ്റതാക്കാനും കഴിയും. ഈ പ്രവൃത്തിയിലൂടെ കുട്ടികളിൽ നിരീക്ഷണ കഴിവും അന്വേഷണശേഷിയും വർദ്ധിപ്പിക്കുന്ന, ഉത്സാഹവും കൗതുകവും ഉണർത്തുന്ന പഠനാനുഭവമാണ് ലക്ഷ്യമിടുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- പ്രക്രിയാധിഷ്ഠിതമായ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.
- നിരീക്ഷണം, അന്വേഷണം, പരീക്ഷണം തുടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
- സ്വതം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുക.
- പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്ന ആവിഷ്കാരങ്ങൾ നൽകുക.
- ശാസ്ത്ര കൗതുകം, താൽപ്പര്യം, സംശയപരിശോധന എന്നീ പഠന ചിന്തകൾ വളർത്തുക.
- മുഴുവൻ കുട്ടികളിലും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പ്രാരംഭ ചർച്ച: പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ വിശദീകരിക്കുകയും, എന്തൊക്കെ പരീക്ഷണങ്ങൾ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്യുകയും ചെയ്യുക.
- പരീക്ഷണങ്ങൾ തിരഞ്ഞെടുക്കൽ: പഠനവിഷയത്തിന് അനുസൃതമായി ലളിതമായ പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക (ഉദാ: ജലചംക്രമണം, മണ്ണിന്റെ സ്വഭാവം, ലയിക്കുന്ന പദാർത്ഥങ്ങൾ തുടങ്ങിയവ).
- വിഭാഗങ്ങളാക്കി ഒരുക്കൽ: കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി ഓരോ സംഘത്തിനും പരീക്ഷണ ഉത്തരവാദിത്തം നൽകുക.
- സാധനങ്ങൾ ഒരുക്കൽ: സ്കൂളിലെ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ ഒരുക്കുക.
- പരീക്ഷണ പ്രദർശനം: ഓരോ സംഘവും പരീക്ഷണം കാഴ്ചവെക്കുകയും ഫലങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
- പോസ്റ്റർ/ചിത്രാവിഷ്കാരങ്ങൾ: പരീക്ഷണങ്ങൾക്കൊപ്പം അവയെ വിശദീകരിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- പ്രതിഫലനം: ഓരോ സംഘവും ചെയ്ത പ്രവൃത്തിയെക്കുറിച്ച് ചർച്ച ചെയ്യുക - എന്താണ് പഠിച്ചത്? എന്താണ് പുതുതായി അറിഞ്ഞത്?

### വിലയിരുത്തൽ:

- പരീക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം.
- നിരീക്ഷണശേഷിയും സംശയപരിശോധനാക്ഷമതയും.
- അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിലേക്കുള്ള സാന്നിധ്യം.
- ഭിന്നശേഷിക്കാരായ കുട്ടികളെ എങ്ങനെ ഉൾപ്പെടുത്തി.
- സഹപാഠികളുമായി സഹകരിച്ച് പഠിക്കാൻ കുട്ടികൾക്ക് എങ്ങനെ കഴിഞ്ഞു.
- പ്രതിഫലന ചർച്ചകളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ടോ.
- പ്രവർത്തനത്തിന്റെ അകലം പാഠഭാഗവുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുക.

Scanned with OKEN Scanner

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമുഖമായ പ്രക്രിയയാണ്. അതിനാൽ വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്തുകയും വിലയിരുത്തുകയും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതോടെ പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ വ്യക്തിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികാവസ്ഥകൾ, ശാരീരികക്ഷമത ഉൾപ്പെടെയുള്ള സമഗ്രമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പൂരിപ്പിക്കുകയും അടുത്ത ക്ലാസിലേക്ക് കൈമാറും ചെയ്യപ്പെടുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമുഖമായ വളർച്ച രേഖപ്പെടുത്തുക.
- പ്രശ്നങ്ങളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠ്യപദ്ധതികൾ, പഠനരീതികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയശേഷി
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കുറിപ്പുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ:
  - മാസംതോറും പാദംതോറും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനേട്ടങ്ങൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:
  - ഓരോ വർഷവും നിലവിലെ സമഗ്ര പുരോഗതി രേഖ പിന്നീട് കൈമാറും.
  - പുതിയ ക്ലാസ് ടീച്ചർ അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും.

### വിലയിരുത്തൽ:

- നിരീക്ഷണങ്ങളുടെ സ്ഥിരത (Consistency).
- പുതിയ അധ്യാപകർ/അധ്യാപികക്ക് ഉപകാരപ്പെടുന്നതിനും ഉള്ള വിവരങ്ങളുടെ ഗുണമേന്മ.
- വ്യക്തിഗത പഠനപദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്ന വിധം ആയോ രേഖ.
- പെരുമാറ്റ രേഖ, പഠനരേഖ, ഇടപെടലുകൾ ഇവയിലെ ഉൾപ്പെടുത്തൽ.
- മാതാപിതാക്കളുടെയും കുട്ടിയുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്ന സംവിധാനം.

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പാക്കുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠന നേട്ടങ്ങൾ ലക്ഷ്യമാക്കിയുള്ള കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കാനാകണം. ഇത് ഉദ്യോഗസ്ഥർ മേൽനോട്ട ഉദ്യോഗസ്ഥർ സ്ഥിരതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും ആവശ്യമായ പുനഃസംഘടനയും പിന്തുണയും ഉൾപ്പെടുന്ന ഇടപെടലുകൾക്കും മാർഗ്ഗം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള രജിസ്റ്റർ രേഖകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
  - ബിആർസി, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിമാസം ഒരു തവണ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
  - **UNIT WISE MONITORING FORMAT:** ഓരോ യൂണിറ്റ് പാഠഭാഗങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, ഫലങ്ങൾ എന്നിവ.
  - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
  - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ ദിവസ, ലാൻ-ര-സിഫാറ്റ് വിലയിരുത്തൽ.
  - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ പങ്കുകൾ:
  - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
  - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
  - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവട്ടങ്ങളും അധ്യാപക പിന്തുണയും.
  - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപജില്ല സഹായങ്ങളും.
  - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ ടൂളുകൾ.
- പ്രതിമാസ അവലോകനം:
  - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
  - ജില്ലാതലത്തിലുള്ള അവലോകന യോഗങ്ങൾ മുഖേന സംഗ്രഹണം.

വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ഉല്പന്നങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, അഭ്യാസങ്ങൾ എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡിങ് കോർണർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-വൈകാരിക വികാസം ഉൾപ്പെടുന്ന ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്ര വിലയിരുത്തൽ (Formative Assessment)

വികാസപ്ര വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രവും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ നിരന്തരം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആത്മവിശ്വാസം, ആശയധാരണ ഇവയിലൂടെ അടിസ്ഥാനമായി നിരന്തരം മുന്നോട്ടുപോകുന്ന രീതിയിൽ വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാത്മ വളർച്ചയാണ് വിലയിരുത്തലിന്റെ മുദ്ര.

പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രക്രിയയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, മെച്ചപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പ്രയാസങ്ങളെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനസമീപനങ്ങൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

- പഠനപ്രക്രിയ വിലയിരുത്തൽ:
  - പ്രവർത്തന പങ്കാളിത്തം:
    - പ്രവർത്തനം എങ്ങനെ?
    - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
    - ആശയങ്ങൾ പങ്കുവെച്ചു?
  - ആശയധാരണ:
    - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
    - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
  - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചു?
- പ്രകടനം / അവതരണം:
  - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
  - താൻ കണ്ടെത്തിയ കാര്യങ്ങൾ ആത്മവിശ്വാസമായി വിശദീകരിച്ചു?
- മെച്ചപ്പെടുത്തൽ:
  - പ്രവർത്തനങ്ങൾക്കുള്ള മെച്ചപ്പെടുത്തലുകൾ സ്വീകരിക്കുന്നു?
  - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണോ?
  - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ മേഖലകൾ നൽകിയിട്ടുണ്ടോ?

വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം (Observation):
  - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം (Interview):
  - കുട്ടികളുമായുള്ള സൗഹൃദപരമായ സംഭാഷണം.
- റേറ്റിംഗ് സ്കെയിൽ:
  - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- ചെക്ക്ലിസ്റ്റ് / സ്റ്റിക്കറുകൾ / ഡയറി നോട്ടുകൾ:
  - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോമുകൾ:
  - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ സൂക്ഷിക്കുക.

Scanned with OKEN Scanner

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- **HELP 2025** ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

**KCF 2023** നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, കഴിവ്, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അനുകൂലമാകുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് ക്രമവും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

---

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക ലക്ഷ്യത്തോടും ഉറപ്പാക്കേണ്ട വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

---



## ഒന്നാം ടേം ക്ലാസ് പി.ടി.എ അജണ്ട

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | • പഠനോപകരണ നിർമ്മാണ ശില്പശാല<br>• പഠന പിന്തുണ എങ്ങനെ നൽകാം<br>• കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ (പ്രക്രിയ ബോധ്യപ്പെടുത്തൽ )<br>• ഈ മാസം കുട്ടികൾ നേടേണ്ട ശേഷികൾ<br>• രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായരീതി | • എസ് ആർ ജി യോഗം<br>• പുതാലാ വിജ്ഞനം<br>• എസ്.എം.സി / പി.ടി.എ യോഗം<br>• നിർമ്മാണ ശില്പശാലക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ |
| ജൂലൈ | • അക്കാദമികം<br>• ഡയറിയെഴുത്ത്<br>• പ്രവർത്തന ബുക്ക് വിശകലനം<br>• കുട്ടികളുടെ വായനയും എഴുത്തും പുരോഗതി പിന്തുണ | • എസ് ആർ ജി<br>• സി പി ടി എ<br>• ഓൺലൈൻ സി പി ടി എ |
| ആഗസ്റ്റ് | • വായനോത്സവം<br>• രചനോത്സവം<br>• തത്സമയ വിലയിരുത്തൽ | • വായനമൂല ഒരുക്കൽ<br>• ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |

കുട്ടികളുടെ പൊതു പഠന നിലവാരം രക്ഷിതാക്കൾക്ക് വിലയിരുത്താനുതകുന്ന പ്രവർത്തനങ്ങൾ cpta യിലൂടെ സാധ്യമാകണം .ആശയാവതരണ രീതിയിലൂടെ കുട്ടി ഭാഷാ ശേഷികൾ നേടുന്നതിന്റെ നേരനുഭവ പ്രവർത്തനങ്ങൾ ഒരുക്കണം പഠനോപകരണ ശില്പ ശാല എന്തിനു എന്ന് ഓരോ രക്ഷിതാവിനും ബോധ്യപ്പെടണം .

Scanned with OKEN Scanner

# പ്രവർത്തന പദ്ധ

## ക്ലാസ്സ് I - 4

Scanned with OKEN Scanner

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7
പേര് : ക്ലാസ്സ് തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8
പേര് : എന്റെ വായനാ കുറിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9
പേര് : കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർപത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br><br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാലയം [illegible]<br><br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

Scanned with OKEN Scanner

പ്രവർത്തനം : 10
പേര് : രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രചനയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11
പേര് : സർഗ്ഗവേള
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (മികച്ച ക്ലാസിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിതരണം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12
പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക
ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന, ബൈറുന്നിസ, സാലിഹ് ആനന്ദ് | 3000 |

പ്രവർത്തനം : 13
പേര് : പാട്ടരങ്ങ്
ഉപമേഖല : ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകാശനം, ശബ്ദനിയന്ത്രണം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം പരിശീലിപ്പിക്കുന്നു. താള-രാഗങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്ബ് ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 14
പേര് : നാട്ടുവിശേഷം കൂട്ടെഴുത്ത്
ഉപമേഖല : ലേഖനാവിഭാവനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിലൂടെയും ഒരുമ, സമൂഹ ചിന്താശേഷി, നേരിയനിരീക്ഷണ ബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആശയാപനങ്ങൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : 15
പേര് : റീഡേഴ്സ് തിയേറ്റർ
ഉപമേഖല : വായനാവളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാപാത്രങ്ങൾ, സംഭാഷണരൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

Scanned with OKEN Scanner

പ്രവർത്തനം: 16
പേര് : ഭാഷോത്സവം
ഉപമേഖല : ഭാഷാ കാഴ്ചവത്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക. ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കൊലാഷുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്ബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം: 17
പേര് : അരങ്ങത്തേക്ക്
ഉപമേഖല : അവതരണശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംഭാഷണങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബുകൾ | 5000 |

# ഇംഗ്ലീഷ്

പ്രവർത്തനം: 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം: 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കൽ.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാര ശേഷിക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ. ജി. | 4000 |

# അറബിക്

പ്രവർത്തനം : 1
പേര് : ലോക ഭാഷ -അറബി ഭാഷ
ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമിക്കൽ<br>• ഭാഷാ കളികൾ | [illegible] | അറബി ടീച്ചർ | |

പ്രവർത്തനം : 2
പേര് : അറബി വായനോത്സവം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കഴിയുന്നതും ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാക്കുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3
പേര് : അറബി രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാക്കുറിപ്പ് ലേഖനം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

Scanned with OKEN Scanner

## ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റുകൾക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. [illegible], കളിനോട്ട് കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം യൂണിറ്റ് ടെസ്റ്റും നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി.ടി.എ.
ഉപമേഖല : സി.പി.ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപഠനത്തിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്വിസുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസി പ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തന ങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോ ഭാവം എന്നിവ വിക സിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്ന തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തര ത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാമാസ ത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേ ഷികളുടെ വളർച്ച ക്കിണങ്ങുംവിധ മുള്ള പ്രവർത്തന ങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും I 3,4 ക്ലാസ് ശാസ്ത്ര പരീക്ഷണങ്ങൾക്കി ണങ്ങുംവിധം ആവശ്യമായ വസ്തു ക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4
പേര് : പരീക്ഷണോത്സവം
ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയ ങ്ങളിലടങ്ങിയ താത്പര്യവും മനശാസ്ത്രപര മായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ലബ് | 2000 |

## രസാലഹരി, മൊബൈൽ അഡിക്ഷൻ

പ്രവർത്തനം : 1
പേര് : ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ
ഉപമേഖല : ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷി യും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രദർശനം, ഉപദേശസംഭാഷണങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തി ൽ | ആരോഗ്യ വകുപ്പ് പോലീസ് SITC | |

Scanned with OKEN Scanner

## സാമൂഹികാവബോധം

പ്രവർത്തനം: 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം: 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അറിവിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം: 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

## വിവര സാങ്കേതിക വിദ്യ

പ്രവർത്തനം: 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം: 2
പേര് : IT ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

Scanned with OKEN Scanner

## പ്രവൃത്തി പരിചയം

പ്രവർത്തനം: 1
പേര് : പ്രവൃത്തി പരിചയശില്പശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ഒരുക്കൽ.നിർമ്മാണം ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം: 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം: 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പാഠവുമായി പ്രവൃത്തിപരിചയവുമായതാ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ഒരുക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 2,000 |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം: 1
പേര് : കായികാരോഗ്യം
ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാഡ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം: 2
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യത്തെ ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | 3,000 |

പ്രവർത്തനം: 3
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരിയഡിൽ ഫിസിക്കൽ എക്സെസൈസ്, യോഗ, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

Scanned with OKEN Scanner

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും താനാരാണ് എന്ന ബോധം ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സർഗാത്മക കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# June
## 2025

Holidays and Observances: 14-Flag Day 15-Father's Day 19-Juneteenth

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 1 | 2 പ്രവേശനോത്സവം | 3 പൊതു കാര്യങ്ങൾ | 4 റോഡ് സുരക്ഷ | 5 പരിസ്ഥിതി ദിനം വ്യക്തി ശുചിത്വം | 6 | 7 |
| 8 | 9 പൊതു ആരോഗ്യം | 10 ഡിജിറ്റൽ അച്ചടക്കം | 11 പൊതു മുതൽ സംരക്ഷണം | 12 പരസ്പര സഹകരണം | 13 പൊതു ക്രോഡീകരണം SRG | 14 |
| 15 | 16 | 17 ലൈബ്രറി സന്ദർശനം | 18 | 19 വായന ദിനം | 20 ക്ലാസ് ലൈബ്രറി | 21 യോഗ ദിനം |
| 22 | 23 വായന വാരാചരണം | 24 | 25 | 26 ലഹരി വിരുദ്ധ ദിനം | 27 SRG General PTA | 28 |
| 29 | 30 | | | | | |

Scanned with OKEN Scanner

# JULY 2025

Sunday Start | Monday Start | Fillable

## July 2025

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| | | | ക്ലബ്ബ് ഉത്ഘാടനം | ക്ലാസ്സ് 2 ശില്പശാല | | ബഷീർ ദിനം |
| | റീഡേഴ്സ് തീയേറ്റർ | | ക്ലാസ്സ് 1 ശില്പ ശാല | | SRG | |
| | വായനക്കളരി | | ക്ലാസ്സ് 4 ശില്പശാല | | SRG | |
| | ചാന്ദ്ര ദിനം പ്രവർത്തനങ്ങൾ | | | | Srg | |
| | | | | | | |

Scanned with OKEN Scanner

# August 2025

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | സ്കൂൾ പച്ചക്കറി തോട്ടനിർമ്മാണം | | | | 1 | 2 |
| 3 | 4 | 5 ക്ലാസ്സ് 2 ശില്പശാല | 6 | 7 | 8 SRG | 9 |
| 10 | 11 | 12 സ്കൂൾതല കലോത്സവം | 13 | 14 | 15 സ്വാതന്ത്ര്യ ദിനം | 16 |
| 17 | 18 | 19 | 20 | 21 | 22 SRG | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

Scanned with OKEN Scanner

കുട്ടികളുടെ ഭാഷാപരവും, ശാസ്ത്രപരവും, മാനസിക, ശാരീരിക വികാസം ഉറപ്പാക്കും ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവയുടെ ആസൂത്രണം സ്കൂൾ / ക്ലാസ് തലങ്ങളിൽ നടത്തുകയും, ഓരോ ക്ലാസിനും യോജിച്ച ക്രമപ്പെടുത്തിയ സമയങ്ങളിൽ, ഓരോ വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുമ്പോൾ വിശദമായി ചർച്ച ചെയ്യുകയും അതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

സ്കൂളിലെ/ ക്ലാസിലെ മുഴുവൻ കുട്ടികളെയും ലക്ഷ്യം വെച്ചുള്ള പ്രവർത്തനമായതിനാൽ എല്ലാവർക്കും അവസരമൊരുക്കുകയും നിലവാരത്തിനനുസരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണ സമയത്ത് നമ്മൾ ലക്ഷ്യം വെച്ച ശേഷികൾ / കഴിവുകൾ കുട്ടികൾക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ഹെഡ്മിസ്ട്രസ്

# നന്ദി...